**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4984** **11-08-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിൽ കുട്ടികൾക്ക് അടിയന്തര കോവിഡ് ചികിത്സാസൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.പി .രാമകൃഷ്ണൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് 19 ന്റെ മൂന്നാം തരംഗം നേരിടുന്നതിന് കോഴിക്കോട് ജില്ലയിൽ കുട്ടികൾക്ക് അടിയന്തര ചികിത്സാസൗകര്യം ശക്തിപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) | കോവിഡ് 19 മൂന്നാം തരംഗം നേരിടുന്നതിന് കോഴിക്കോട് മാതൃശിശു സംരക്ഷണകേന്ദ്രത്തിൽ പീഡിയാട്രിക് ഐ സി യു സജ്ജീകരിക്കുന്നതിന് എൻ എച്ച് എം മുഖാന്തിരം 24,68,339/-രൂപയുടെ മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. • PMSSY ബ്ലോക്കിൽ പ്രവർത്തിക്കുന്ന കോവിഡ് ഹോസ്പിറ്റലിൽ പുതിയ 100 ബെഡ് ഐ സി യു കുട്ടികൾക്കു കൂടി ഉപയോഗിക്കാവുന്ന രീതിയിൽ സജ്ജീകരിക്കുന്നതിന് എൻ എച്ച് എം മുഖാന്തിരം 1.2കോടി രൂപയുടെ മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കിയിരുന്നു. • എൻ എച്ച് എം മുഖാന്തിരം കോഴിക്കോട് ജില്ലയിലെ വിവിധ ആശുപത്രികൾക്ക് പീഡിയാട്രിക് ഐ സി യു സജ്ജീകരിക്കുന്നതിന് ECRP-phase II ൽ 911.55 ലക്ഷം രൂപയുടെ പുതിയ പ്രോപ്പസൽ ഗവൺമെൻറ് ഓഫ് ഇൻഡ്യയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. • എൻ എച്ച് എം മുഖാന്തിരം ഗവ. ജനറൽ ആശുപത്രി കോഴിക്കോട് പീഡിയാട്രിക് ഐ സി യു സജ്ജീകരിക്കുന്നതിന് വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. • ഇൻറർ നാഷണൽ പീഡിയാട്രിക് വെബിനാർ & ട്രെയിനിംഗ് സംഘടിപ്പിച്ചു. • കോഴിക്കോട് മെഡിക്കൽ കോളേജിലും ജില്ലയിലെ മറ്റ് ആശുപത്രികളിലും സ്റ്റാഫ് നഴ്സുമാർക്കുള്ള പരിശീലനം നടന്നുകൊണ്ടിരിക്കുന്നു. |
| (ബി) | എത്ര പുതിയ പീഡിയാട്രിക് ഐ.സി.യു. കൾ തയ്യാറാക്കിയിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ; | (ബി) | PMSSY ബ്ലോക്കിൽ പ്രവർത്തിക്കുന്ന കോവിഡ് ഹോസ്പിറ്റലിൽ പുതിയ 100 ബെഡ് ഐ സി യു കുട്ടികൾക്കു കൂടി ഉപയോഗിക്കാവുന്ന രീതിയിൽ സജ്ജീകരിച്ചു. മാതൃശിശു സംരക്ഷണ കേന്ദ്രത്തിൽ പീഡിയാട്രിക് ഐ സി യു സജ്ജീകരിച്ചു. |
| (സി) | പീഡിയാട്രിക് ഐ.സി.യു.കളിൽ കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള എന്തെല്ലാം | (സി) | ഗവ.ജനറൽ ആശുപത്രിയിലെ കിടക്കകൾ ഒരുക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തികൾ |

| | | | |
|---|---|---|---|
| | നടപടികൾ സ്വീകരിച്ചു; | | ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും സർക്കാർ ആശുപത്രിയിൽ എം.എൽ.എ ഫണ്ടുപയോഗിച്ച് തുടങ്ങുന്നതിനായി പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. കോഴിക്കോട് ജനറൽ ആശുപത്രിയിൽ 12 പീഡിയാട്രിക് ഐ.സി.യു. ബെഡ്, 30 പീഡിയാട്രിക് ബെഡ് എന്നിവയും മാതൃശിശു സംരക്ഷണകേന്ദ്രത്തിൽ 15 പീഡിയാട്രിക് ഐ.സി.യു. ബെഡുകളും സ്ത്രീകളുടെ ആശുപത്രിയിൽ 10 പീഡിയാട്രിക് ഐ.സി.യു ബെഡുകളും കൊയിലാണ്ടി താലൂക്കാസ്ഥാന ആശുപത്രിയിൽ 10 പീഡിയാട്രിക് ഐ.സി.യു ബെഡുകളും വടകര ജില്ലാ ആശുപത്രിയിൽ 12 പീഡിയാട്രിക് ഐ.സി.യു ബെഡുകളും 30 പീഡിയാട്രിക് ബെഡുകളും സജ്ജീകരിക്കുന്നതിനായി പ്രൊപ്പോസൽ എൻ.എച്ച്.എം. മുഖാന്തിരം ഗവ.ഓഫ് ഇന്ത്യയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | മേൽപ്പറഞ്ഞ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് കോഴിക്കോട് ജില്ലയിൽ എന്തു തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) | മേൽ പറഞ്ഞ സൗകര്യങ്ങൾക്കായി എൻ.എച്ച്.എം മുഖാന്തിരം ജില്ലയിൽ 1.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ